(ഡി) 585 കർഷകരിൽനിന്നും സംഖ്യ വസൂലാക്കിയിട്ടുണ്ട്.

(ഇ) 2,560 തൊഴിലാളികൾക്കു ബാധകമാകത്തക്കവണ്ണം സംഖ്യ ഉടൻ കൊടുക്കിയിട്ടുണ്ട്.

(എഫ്) 7,73,700 രൂപ ചെലവായിട്ടുണ്ട്.

പൂട്ടിക്കിടക്കുന്ന മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി

282 [309] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി എന്നാണ് പൂട്ടിയത്;

(ബി) ഇതിനുള്ള കാരണമെന്തായിരുന്നു;

(സി) പ്രസ്തുത ഫാക്ടറി തുറക്കുന്നതിനുവേണ്ടി ഗവൺമെൻറ് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഡി) ഫാക്ടറി തുറന്നു പ്രവർത്തിക്കുന്നതിന് ഇന്നുള്ള ബുദ്ധിമുട്ടെന്താണ്;

(ഇ) ഈ ഫാക്ടറി ഗവൺമെൻറ് ഏറ്റെടുത്ത് പ്രവർത്തിക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറിയിൽ 7-7-1985 മുതൽ തൊഴിലാളികളുടെ സമരംമൂലം പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്.

(ബി) ദീർഘകാല കരാർ ഉണ്ടാക്കുക, 1982-83, 1983-84, 1984-85 എന്നീ കാലഘട്ടങ്ങളിലെ ബോണസ് നിജപ്പെടുത്തുക, തൊഴിലാളികളുടെ ആശ്രിതർക്ക് ജോലി നൽകുക, പ്രമോഷൻ സാദ്ധ്യത വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങൾ മുൻനിർത്തി സമരം ആരംഭിച്ചതിനെ തുടർന്നാണ് ഫാക്ടറി പ്രവർത്തനം സ്തംഭിച്ചത്.

(സി) ഈ ഫാക്ടറി സ്തംഭനം ഒഴിവാക്കി തുടർന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി നിരവധി അനുരഞ്ജന സമ്മേളനങ്ങൾ, ലേബർ ഡിപ്പാർട്ടുമെൻറു തലത്തിലും ഗവൺമെൻറു തലത്തിലും നടത്തിയിട്ടുണ്ട്.

(ഡി) മാനേജുമെൻറിൻെറയും യൂണിയൻ നേതാക്കളുടേയും അഭിപ്രായ ഭിന്നതമൂലം തൊഴിൽത്തർക്കം ഒത്തുതീർപ്പിലെത്തിയിട്ടില്ല.

(ഇ) ഈ ഫാക്ടറി ഗവൺമെൻറ് ഏറ്റെടുക്കുന്ന പ്രശ്നം ഇപ്പോൾ പരിഗണനയിലില്ല.

പൂട്ടിക്കിടക്കുന്ന പുനലൂർ പേപ്പർമിൽ

283 [310] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർമിൽ എന്നാണ് പൂട്ടിയത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ മിൽ തുറന്നു പ്രവർത്തിക്കുന്നതിന് ഗവൺമെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ മില്ല് തുറന്നു പ്രവർത്തിക്കാനുള്ള ബുദ്ധിമുട്ടുകൾ എന്താണ്;

(ഡി) ഈ മിൽ തുറന്നു പ്രവർത്തിക്കുന്നതിനു സത്വര നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) പുനലൂർ പേപ്പർമിൽ പൂട്ടിയതായി വിവരം ലഭിച്ചിട്ടില്ല. എന്നാൽ 26-3-1986-ൽ ഫാക്ടറി ഉൽപ്പന്നങ്ങൾ ട്രക്കിൽ കയറ്റാൻ ഒരു വിഭാഗം തൊഴിലാളികൾ വിസമ്മതിക്കുകയും തുടർന്ന് 2-4-1986-ൽ തൊഴിലാളികൾക്കു ജോലി നൽകാൻ അസാദ്ധ്യമാണെന്നു കാണിച്ചു കൊണ്ടുള്ള നോട്ടീസ് മാനേജുമെൻറ് പുറപ്പെടുവിക്കുകയും ചെയ്തതു മുതൽ മില്ലിൻെറ പ്രവർത്തനം സ്തംഭനത്തിലാണ്.

(ബി) വിവിധ തലങ്ങളിൽ നിരവധി അനുരഞ്ജന സമ്മേളനങ്ങൾ നടത്തിയെങ്കിലും തീരുമാനമായിട്ടില്ല. 10-4-1986, 2-6-1986 എന്നീ തീയതികളിൽ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ യൂണിയനുകളും മാനേജുമെൻറും ഒരു ധാരണയിലെത്താൻ ശ്രമം ആരംഭിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ മില്ലിൽ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധിയും, വേതന വർദ്ധനവിനും മറ്റും വേണ്ടിയുള്ള തൊഴിലാളികളുടെ പ്രക്ഷോഭണവുമാണ് മില്ല് തുറന്നു പ്രവർത്തിക്കുന്നതിനുള്ള പ്രധാന ബുദ്ധിമുട്ടുകൾ. ഇതിനുപുറമെ മില്ലിനെ പ്രതിയാക്കി മാനേജുമെൻറു കൊടുത്തിട്ടുള്ള ഒരു കേസിൽ റിസീവറെ നിയമിച്ചുത്തരവായിട്ടുണ്ട്.

(ഡി) മിൽ തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ടി സത്വര നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

കഞ്ചാവ് കൃഷി

284 [311] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 31-5-1986 വരെ എത്ര ലക്ഷം രൂപയുടെ കഞ്ചാവു ചെടി വെട്ടി നശിപ്പിച്ചിട്ടുണ്ട്. എത്ര ലക്ഷം രൂപയുടെ കഞ്ചാവ് പിടിച്ചിട്ടുണ്ട്;

(ബി) അനധികൃതമായി കഞ്ചാവുചെടി വളർത്തിയതിന് എത്രയാളുടെ പേരിൽ നടപടികൾ എടുത്തു; അവരുടെ പേരും വിലാസവും വെളിപ്പെടുത്തുമോ;

(സി) കഞ്ചാവുകൃഷി നാട്ടിൽ ഇല്ലാതാക്കാൻ എന്തെല്ലാം നടപടികളുണ്ട്. ഇനിയും എടുക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 18,21,71,620 രൂപയുടെ കഞ്ചാവു ചെടികൾ വെട്ടി നശിപ്പിച്ചിട്ടുണ്ട്. 67,43,760 രൂപ വിലവരുന്ന കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly